10 (*563) നദീജല സമ്പത്തിനെപ്പറ്റി പഠനം

ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീജല സമ്പത്തിനെപ്പറ്റി എന്തെങ്കിലും പഠനം 1960-നു ശേഷം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം വിധത്തിലുള്ള പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഒരു പഠനവും നടത്താത്തപക്ഷം ഒരു വിദഗ്ദ്ധ പഠനം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി)&(സി) സംസ്ഥാനത്തെ നദീജല സമ്പത്തിനെപ്പറ്റി ജലസേചനവകുപ്പ് 1974-ൽ വിശദമായ പഠനം നടത്തുകയും "വാട്ടർ റിസോഴ്സസ് ഓഫ് കേരള" എന്ന റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ എല്ലാ നദികളുടെയും നീളം, ഒഴുകുന്ന വെള്ളത്തിന്റെ അളവ്, നീർമറി പ്രദേശത്തിന്റെ വിസ്തീർണ്ണം എന്നീ കാര്യങ്ങൾ ശാസ്ത്രീയമായി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട നദികളുടെ നീർമറി പ്രദേശങ്ങളിലൂടെയുള്ള മൊത്തം നീരൊഴുക്കും ഉപയോഗപ്രദമായ നീരൊഴുക്കും തിട്ടപ്പെടുത്തിയിട്ടുണ്ട്. ജലവൈദ്യുത പദ്ധതികളുടെ സാധ്യത, കൃഷിസ്ഥലങ്ങളിൽ ജലസേചനം ഏർപ്പെടുത്താനുള്ള സാധ്യത, ഉൾനാടൻ ജലഗതാഗതം, വെള്ളപ്പൊക്കനിവാരണം, നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയൽ എന്നീ കാര്യങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്.

കൂടാതെ, കേരള ജലസേചനവകുപ്പും ഭൂഗർഭജലവകുപ്പും സംയുക്തമായി ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ട് വഴി സംസ്ഥാനത്തിന്റെ പ്രതിദിന ജലവിഭവശേഷി നൂതന ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ തിട്ടപ്പെടുത്തി കേന്ദ്രീകൃത സ്ഥിതിവിവര ബാങ്കിലേക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1995-ൽ ജലവിഭവ വികസന കേന്ദ്രം വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ "വാട്ടർ അറ്റ്ലസ് ഓഫ് കേരള" പ്രസിദ്ധീകരിക്കുകയുണ്ടായി.

കേരളത്തിലെ ചില നദീതടങ്ങളിലെ ജലസമ്പത്തിനെക്കുറിച്ച് വിശദമായ പഠനങ്ങൾ ജലവിഭവ വികസന വിനിയോഗകേന്ദ്രം നടത്തിയിട്ടുണ്ട്. ഇവയിൽ ചാലിയാർ, ഭാരതപ്പുഴ, മൂവാറ്റുപുഴ, മീനച്ചിൽ, മണിമല, പമ്പ, അച്ചൻകോവിൽ എന്നീ നദീതട ജലസമ്പത്തിനെക്കുറിച്ചുള്ള പഠനങ്ങൾ ശ്രദ്ധേയമാണ്.

LIBRARY ARCHIVES Kerala Legislative Assembly